**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2594 — 06.02.2018-ൽ മറുപടിയ്ക്ക്

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. എ. എൻ. ഷംസീർ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനും പുരോഗതിക്കുമായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുളളതെന്ന് വ്യക്തമാക്കാമോ; | (എ) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രീമെട്രിക്-പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ 23/07/2016 ലെ സ.ഉ. (പി)നം.04/2016/പജപവവിവ ഉത്തരവു പ്രകാരം 25% വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.<br>സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളിൽ 5 മുതൽ 8 വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അധ്യയന വർഷാരംഭത്തിൽ പ്രാഥമിക ചെലവുകൾ നിർവ്വഹിക്കുന്നതിനായി 2000/-രൂപ അനുവദിക്കുന്ന പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി നടപ്പിലാക്കി.<br>സംസ്ഥാനത്തെ വിവിധ അംഗീകൃത കോളേജുകളിൽ നൃത്ത/സംഗീത വിഷയങ്ങൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്തെ പട്ടികജാതി വിഭാഗം ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1 ലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് 120 square feet വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിനായുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 5000 പേർക്ക് 2017-18 വർഷം ആനുകൂല്യം ലഭിക്കും.<br>സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയതിലേയ്ക്കുള്ള മാർഗ്ഗ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ 04/10/2017 ലെ സ.ഉ.(എം.എസ്) നം.81/2017/പജപവവിവ പ്രകാരം ഈ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 7 ഐ.റ്റി.ഐ.കൾ റസിഡൻഷ്യൽ ഐ.റ്റി.ഐ.കളാക്കി. വകുപ്പിന്റെ എല്ലാ ഐ.റ്റി.ഐ.കളിലും പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകിത്തുടങ്ങി.<br>നീറ്റ് മെറിറ്റിൽനിന്ന് സംസ്ഥാന എൻട്രൻസ് കമ്മീഷണർ അലോട്ട് ചെയ്യുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുവാൻ നടപടിയെടുത്തു.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തികവർഷം മുതൽ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. 100 സാമൂഹ്യ പഠനമുറികൾ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നു.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി, ബി.എഡ്. പാസ്സായ യുവതി യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി, ആദ്യ ഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി. ഇതിൻപ്രകാരം ജില്ലയിലെ 241 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.<br>പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കുവേണ്ടിയുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കേരളത്തിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന എത്ര ശതമാനം പേർ ഇപ്പോഴും നിരക്ഷരരായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആയവരുടെ ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | 2008 ലെ സോഷ്യോ-എക്കണോമിക് സർവ്വേ പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സാക്ഷരത നിരക്ക് 74.44 ശതമാനവും 2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ സാക്ഷരത നിരക്ക് 75.85 ശതമാനവുമാണ്. വിവിധ സമുദായങ്ങളിൽ വിവിധ സാക്ഷരത നിരക്കാണ് രേഖപ്പെടുത്തുന്നത്. ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാരായ കാടർ, കാട്ടുനായ്ക്കൻ, കൊറഗ, കുറുമ്പ, ചോലനായ്ക്കൻ എന്നീ 5 സമുദായങ്ങളിൽ ആകെ 60.02 ശതമാനം സാക്ഷരത നിരക്കാണുള്ളത്. ഇതിൽ ഏറ്റവും കുറവ് സാക്ഷരത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് ചോലനായ്ക്കൻ സമുദായത്തിനാണ്(39.63 ശതമാനം) |

| | | | |
|---|---|---|---|
| | | | കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന നിരക്ഷരരായിട്ടുള്ളവരുടെ ഉന്നമനത്തിനായി സർക്കാർ, കേരള സംസ്ഥാന സാക്ഷരത മിഷൻ മുഖേന 4,7,10,+2 എന്നീ ക്ലാസ്സുകളിലേയ്ക്കുള്ള തുല്യതാ പരീക്ഷ നടത്തി വരുന്നു. കൂടാതെ പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും "സമഗ്ര ആദിവാസി സാക്ഷരതാ-തുല്യതാ പരിപാടി" സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ